**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

നം. 21627/ഡി.സി.2/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 30.03.2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ഒന്നര കോടി സി.എഫ്.എൽ. വിതരണ പദ്ധതി - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(സാധാ.) നം.16/2010/പി.ഡി; തീയതി 27.01.2010.
2. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 20.03.2010-ലെ സർക്കുലർ.

വേനൽക്കാലമായതോടെ സംസ്ഥാനത്ത് കടുത്ത വൈദ്യുതി പ്രതിസന്ധി അനുഭവപ്പെടുകയാണ്. വൈദ്യുതി ഉപഭോഗത്തിൽ റെക്കോർഡ് വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ലഭ്യമാകുന്ന വൈദ്യുതി ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുന്നതിലൂടെ മാത്രമെ ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

2. ഭൂരിഭാഗം വീടുകളിലും ഊർജ്ജക്ഷമത കുറഞ്ഞ സാധാരണ ബൾബുകളാണ് ഉപയോഗിക്കുന്നത്. ഇത്തരം ബൾബുകളിൽ ഉപയോഗിക്കുന്ന വൈദ്യുതിയുടെ 90 ശതമാനവും താപമായി നഷ്ടപ്പെടുകയാണ്. ബാക്കിയുള്ള 10 ശതമാനം വൈദ്യുതി മാത്രമാണ് വെളിച്ചമായി മാറുന്നത്. എന്നാൽ സി.എഫ്.എൽ. ബൾബുകൾ ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഊർജ്ജക്ഷമതയോടെ വെളിച്ചം ലഭ്യമാകും. 40 വാട്ടിന്റെ (40 W) സാധാരണ ബൾബ് നൽകുന്ന അതേ വെളിച്ചം 9-10 വാട്ടിന്റെ സി.എഫ്.എൽ. നൽകും. 60 വാട്ട് സാധാരണ ബൾബ് നൽകുന്ന വെളിച്ചം 13-15 വാട്ട് സി.എഫ്.എൽ.-ൽ നിന്നും ലഭിക്കും. 100 W സാധാരണ ബൾബ് നൽകുന്ന വെളിച്ചം 20-23 W സി.എഫ്.എൽ. നൽകും. സി.എഫ്.എൽ. ഉപയോഗിക്കുന്നതിലൂടെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും ഉപഭോക്താക്കൾക്ക് പണം ലാഭിക്കുന്നതിനും കഴിയും.

3. കേരളത്തിൽ ഇപ്പോൾ അനുഭവപ്പെടുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ളതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു നടപടിയാണ് ഒന്നരക്കോടി സി.എഫ്.എൽ. വിതരണം. നിലവിൽ ഉപയോഗത്തിലുള്ള 60 W-ന്റെ രണ്ട് സാധാരണ ബൾബുകൾക്ക് പകരമായി അതേ വെളിച്ചം തരുന്ന 14 വാട്ടിന്റെ രണ്ട് സി.എഫ്.എൽ 30 രൂപയ്ക്ക് നൽകുന്ന പദ്ധതിയാണിത്. കേരളത്തിലെ 75 ലക്ഷത്തോളം വരുന്ന മുഴുവൻ ഗാർഹിക ഉപഭോക്താക്കൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുഖ്യ പങ്ക് വഹിക്കണമെന്നും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായങ്ങൾ നൽകണമെന്നും അതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിക്കുന്നു.

3.1 പദ്ധതിയുടെ നടത്തിപ്പിന് ജില്ലാതലത്തിലും തദ്ദേശഭരണ സ്ഥാപനതലത്തിലും ചുവടെ ചേർത്തിരിക്കുന്നത് പ്രകാരം സംഘാടക സമിതികൾ രൂപീകരിക്കേണ്ടതാണ്.

**(എ) ജില്ലാതലം**

(1) ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻ - ചെയർപേഴ്സൺ

(2) ജില്ലാകളക്ടർ - സെക്രട്ടറി & കൺവീനർ

(3) ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ജില്ലാ പ്രസിഡന്റ് - വൈസ്ചെയർപേഴ്സൺ

| | | |
|---|---|---|
| (4) | മുനിസിപ്പാലിറ്റി ചെയർമാൻമാരുടെ ഒരു പ്രതിനിധി | – വൈസ് ചെയർപേഴ്സൺ |
| (5) | വൈദ്യുതിബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ | – ജോയിന്റ് കൺവീനർ |
| (6) | കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ | – മെമ്പർ |
| (7) | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | – ,, |
| (8) | നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ | – ,, |
| (9) | വൈദ്യുതിബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ | – മെമ്പർമാർ |
| (10) | സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ | – ,, |
| (11) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളുടെ പ്രതിനിധികൾ | – ,, |
| **(ബി)** | **ഗ്രാമപഞ്ചായത്ത് തലം** | |
| (1) | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | – ചെയർപേഴ്സൺ |
| (2) | വൈദ്യുതിബോർഡ് നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ | – കൺവീനർ |
| (3) | ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന അംഗങ്ങൾ | – മെമ്പർമാർ |
| (4) | സി.ഡി.എസ്.ചെയർപേഴ്സൺ | – മെമ്പർ |
| (5) | സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ | – മെമ്പർമാർ |
| (6) | റസിഡൻസ് അസോസിയേഷനുകളുടെ പ്രതിനിധികൾ | – ,, |
| **(സി)** | **മുനിസിപ്പാലിറ്റിതലം** | |
| (1) | മുനിസിപ്പാലിറ്റി ചെയർപേഴ്സൺ | – ചെയർപേഴ്സൺ |
| (2) | വൈദ്യുതിബോഡിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | – കൺവീനർ |
| (3) | മുനിസിപ്പാലിറ്റി നിശ്ചയിക്കുന്ന അംഗങ്ങൾ | – മെമ്പർമാർ |
| (4) | സി.ഡി.എസ്.ചെയർപേഴ്സൺ | – മെമ്പർ |
| (5) | സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ | – മെമ്പർമാർ |
| (6) | റസിഡൻസ് അസോസിയേഷനുകളുടെ പ്രതിനിധികൾ | – ,, |
| (7) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളുടെ പ്രതിനിധികൾ | – ,, |

**(ഡി) കോർപ്പറേഷൻതലം**

| | | | |
|---|---|---|---|
| (1) | കോർപ്പറേഷൻ മേയർ | – | ചെയർപേഴ്സൺ |
| (2) | വൈദ്യുതിബോർഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ | – | കൺവീനർ |
| (3) | കോർപ്പറേഷൻ നിശ്ചയിക്കുന്ന അംഗങ്ങൾ | – | മെമ്പർമാർ |
| (4) | സി.ഡി.എസ്.ചെയർപേഴ്സൺ | – | മെമ്പർ |
| (5) | സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ | – | മെമ്പർമാർ |
| (6) | റസിഡൻസ് അസോസിയേഷനുകളുടെ പ്രതിനിധികൾ | – | ,, |
| (7) | ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ഏജൻസികളുടെ പ്രതിനിധികൾ | – | മെമ്പർമാർ |

ആവശ്യമെങ്കിൽ സംഘാടക സമിതികളിൽ കൂടുതൽ ആൾക്കാരെ ഉൾപ്പെടുത്താവുന്നതാണ്.

3.2 ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ രൂപീകരിക്കുന്ന സംഘാടക സമിതികൾ നിശ്ചയിക്കുന്ന കേന്ദ്രങ്ങളിൽ വച്ചായിരിക്കണം സി.എഫ്.എൽ. വിതരണം ചെയ്യേണ്ടത്. ഒരു തദ്ദേശഭരണ സ്ഥാപനത്തിൽ എത്ര കേന്ദ്രം വേണമെന്നും അവ എവിടെയൊക്കെയാണ് സ്ഥാപിക്കേണ്ടതെന്നും മുൻകൂട്ടി നിശ്ചയിക്കണം. വാർഡ് അടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതായിരിക്കും ഉപഭോക്താക്കൾക്ക് സൗകര്യപ്രദം.

3.3 ഒരു ഗാർഹിക ഉപഭോക്താവിന് 60 വാട്ടിന്റെ രണ്ട് സാധാരണ ബൾബിന് പകരമായി 14 വാട്ടിന്റെ 2 സി.എഫ്.എൽ. ബൾബുകൾ 30 രൂപയ്ക്ക് ഈ കേന്ദ്രങ്ങളിൽ വച്ചാണ് ലഭ്യമാക്കേണ്ടത്. അതിന് ഉപഭോക്താക്കൾ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

(1) 60 വാട്ടിന്റെ രണ്ട് സാധാരണ ബൾബുകൾ നൽകണം.
(2) അവസാന വൈദ്യുതി സ്പോട്ട് ബില്ല് ഹാജരാക്കണം
(3) 30 രൂപ നൽകണം

3.4 ഒരു കേന്ദ്രത്തിൽ രണ്ട് ദിവസം വിതരണം നടത്തുന്നതാണ്. ഈ കേന്ദ്രത്തിൽ ഹാജരായി സി.എഫ്.എൽ കൈപ്പറ്റാൻ കഴിയാത്ത ഉപഭോക്താക്കൾക്ക് തുടർന്ന് അതത് സെക്ഷൻ ഓഫീസുകളിലെ അന്വേഷണ കൗണ്ടറിൽ നിന്നും ലഭിക്കുന്നതാണ്.

3.5 സി.എഫ്.എൽ വിതരണത്തിന് കേന്ദ്രങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ സംഘാടക സമിതി ഏർപ്പെടുത്തണം. സന്നദ്ധ സംഘടനാ പ്രവർത്തകർ, റസിഡൻസ് അസോസിയേഷൻ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങി ഈ സംരംഭവുമായി സഹകരിക്കാൻ സന്നദ്ധരായ മുഴുവൻ ആളുകളുടെയും സേവനം ഇതിനായി ഉപയോഗിക്കേണ്ടതാണ്.

3.6 ഈ പദ്ധതിയുടെ വിശദാംശങ്ങൾ, ഓരോ ഉപഭോക്താവും ഹാജരാകേണ്ട കേന്ദ്രവും ദിവസവും, ഗുണഭോക്താവ് ചെയ്യേണ്ട കാര്യങ്ങൾ, ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സി.എഫ്.എൽ. വീടുകളിൽ ഏറ്റവും കൂടുതൽ ഉപയോഗമുള്ള അടുക്കള, സ്വീകരണ മുറി, ഊണ് മുറി തുടങ്ങിയ സ്ഥലങ്ങളിലാണ് സ്ഥാപിക്കേണ്ടതെന്നും പരമാവധി വൈദ്യുതി ഉപയോഗം കുറയ്ക്കണമെന്നും ഉപഭോക്താക്കളെ ബോധവൽക്കരിക്കണം. ഇങ്ങനെ

ചെയ്യുകയാണെങ്കിൽ 2 മാസത്തെ വൈദ്യുതി ബില്ലിൽ 25 രൂപ മുതൽ 120 രൂപ വരെ ലാഭം ഉണ്ടാകുന്നതാണ്. ഇക്കാര്യങ്ങൾ വിശദമാക്കുന്ന നോട്ടീസ് കുടുംബശ്രീ പ്രവർത്തകർ മുഖേന എല്ലാ വീടുകളിലും എത്തിക്കേണ്ടതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8 ചെയർമാൻ, വൈദ്യുതി ബോർഡ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
10 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
11 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
12 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്